✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1177

# സൂറ – 42 / അശ്ശൂറാ

## സൂക്തം: 05 – 07

വാനലോകത്തെ ഭാരത്താൽ ഞെരുക്കുന്ന എണ്ണമറ്റ മലക്കുകളെല്ലാവരും പ്രപഞ്ചനാഥന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ, ഭൂമിയിലെ ധിക്കാരികളായ മനുഷ്യർ അല്ലാഹുവിന്റെ ഏകത്വം നിഷേധിക്കുകയും മിഥ്യാ ദൈവങ്ങളെ ആരാധിക്കുകയും ചെയ്തുകൊണ്ട് അവനെ നിന്ദിക്കുക എന്ന മഹാപാതകം ചെയ്തുകൊണ്ടിരിക്കുമ്പോൾ, വാനലോകത്തുള്ള പരിശുദ്ധരായ മലക്കുകളെല്ലാം നിരന്തരം അവനെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ്.

تَكَادُ ٱلسَّمَٰوَٰتُ يَتَفَطَّرْنَ مِن فَوْقِهِنَّ ۚ وَٱلْمَلَٰٓئِكَةُ
يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَن فِى ٱلْأَرْضِ ۗ أَلَآ
إِنَّ ٱللَّهَ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥﴾

5. ആകാശങ്ങൾ അവയുടെ മീതെനിന്നു പൊട്ടിത്തകർന്നേക്കാം. മലക്കുകളോ, വിധാതാവിന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ടിരിക്കുകയാകുന്നു. ഭൂമിയിലുള്ളവർക്ക് പാപമുക്തി തേടുകയും ചെയ്യുന്നു. അറിയുവിൻ, അല്ലാഹു മാത്രമാകുന്നു പാപം പൊറുക്കുന്നതും കാരുണ്യമരുളുന്നതും.

وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ ٱللَّهُ حَفِيظٌ عَلَيْهِمْ وَمَآ
أَنتَ عَلَيْهِم بِوَكِيلٍ ﴿٦﴾

6. അവനെക്കൂടാതുള്ളവരെ ദൈവങ്ങളായി വരിച്ചവരുണ്ടല്ലോ, അല്ലാഹു അവരെ നിരീക്ഷിക്കുന്നുണ്ട്. നീയല്ല, അവരുടെ കൈകാര്യാധികാരി.

**5,6**

تَكَادُ السَّمَاوَاتُ يَتَفَطَّرْنَ = ആകാശങ്ങൾ പിളരാറായി (പൊട്ടിത്തകർന്നേക്കാം) مِن فَوْقِهِنَّ = അവയുടെ മീതെ നിന്നു

وَالْمَلَائِكَةُ يُسَبِّحُونَ = മലക്കുകൾ(ളോ) തസ്ബീഹ് ചെയ്യുന്നു (വാഴ്ത്തിക്കൊണ്ടിരിക്കുന്നു)

بِحَمْدِ رَبِّهِمْ = അവരുടെ വിധാതാവിന്റെ സ്തുതി (മഹത്ത്വം)

وَيَسْتَغْفِرُونَ = അവർ പാപമുക്തി തേടുകയും ചെയ്യുന്നു لِمَن فِي الْأَرْضِ = ഭൂമിയിലുള്ളവർക്കുവേണ്ടി

أَلَا = അറിയുവിൻ, ശ്രദ്ധിക്കുവിൻ إِنَّ اللَّهَ = തീർച്ചയായും അല്ലാഹു

هُوَ الْغَفُورُ الرَّحِيمُ = അവൻ മാത്രമാകുന്നു ഏറ്റം പാപം പൊറുത്തു തരുന്ന(തും)വനും ഏറെ കാരുണ്യമരുളുന്ന(തും)വനും

وَالَّذِينَ اتَّخَذُوا = സ്വീക(വ)രിക്കുന്നവർ (ഉണ്ടല്ലോ)

مِن دُونِهِ أَوْلِيَاءَ = അവനെക്കൂടാതെ രക്ഷകരെ (കൂടാതെ ഉള്ളവരെ ദൈവങ്ങളായി)

اللَّهُ حَفِيظٌ عَلَيْهِمْ = അല്ലാഹു അവ(രെ നിരീക്ഷിക്കുന്നുണ്ട്)രുടെ മേൽനോട്ടക്കാരനാകുന്നു

وَمَا أَنتَ = നീ അല്ല عَلَيْهِم بِوَكِيلٍ = അവരുടെ മേൽ കൈകാര്യാധികാരി

ഒരു കാര്യം സംഭവിക്കാനുള്ള സാഹചര്യമുണ്ടായി, അഥവാ അതു സംഭവിക്കാറായിരിക്കുന്നു എന്ന ആശയത്തെ കുറിക്കുന്ന പദമായ كاد-യുടെ വർത്തമാന രൂപമാണ് يكاد. ഇത് عسى-യുടെ പര്യായമാണ്. സൽക്കാര്യത്തിന്റെ സംഭവ്യതയെ കുറിക്കാൻ عسى-യും മോശപ്പെട്ടതിന്റെ സംഭവ്യതയെ കുറിക്കാൻ كاد-യുമാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ഇവിടെ വാനലോകങ്ങൾ പൊട്ടിത്തകരാനിടയാകുന്ന സാഹചര്യം അല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമായി പറയുന്നില്ല. വാനലോകത്തുള്ള മലക്കുകളുടെയും നക്ഷത്രജാലങ്ങളുടെയും ആധിക്യവും അവയിൽ നടക്കുന്ന പ്രവർത്തനങ്ങളുമാണത് എന്നാണ് പൂർവിക പണ്ഡിതന്മാർ പൊതുവിൽ വ്യാഖ്യാനിക്കുന്നത്. തുടർന്ന് മലക്കുകളുടെ തസ്ബീഹിനെ പരാമർശിക്കുന്നുവെന്നതാണവരുടെ ന്യായം. കൂടാതെ അനസിൽ(റ)നിന്ന് ഇബ്നു മർദവൈഹി ഉദ്ധരിച്ച ഒരു ഹദീസും ഈ വ്യാഖ്യാനത്തെ പിന്തുണക്കുന്നു. നബി(സ) പ്രസ്താവിച്ചു: ''വാനലോകം ഭാരത്താൽ ഞെരുങ്ങിയിരിക്കുന്നു. അതു ഞെരുങ്ങാൻ ന്യായമുണ്ട്. മുഹമ്മദിന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ, അല്ലാഹുവിന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ട് സുജൂദ് ചെയ്യുന്ന മലക്കിന്റെ നെറ്റി പതിയാത്ത ഒരു ചാൺ പോലും അതിലില്ല.''

വാനലോകം തകർന്നുവീഴുമാറ് ഗുരുതരമായ പാതകവും പാപവുമാണ് അല്ലാഹുവിന്റെ ഏകത്വം നിഷേധിക്കുന്നതും ബഹുദൈവത്വം സ്വീകരിക്കുന്നതും എന്നാണ് സാരമെന്നാകുന്നു മറ്റൊരു വ്യാഖ്യാനം. സൂക്തത്തിലെ പദങ്ങൾ രണ്ടു വ്യാഖ്യാനത്തെയും സാധൂകരിക്കുന്നു.

السَّمَاوَاتُ -ആകാശങ്ങൾ- കൊണ്ടുദ്ദേശ്യം വാനലോകത്തെ നക്ഷത്രങ്ങളും ഗ്രഹോപഗ്രഹങ്ങളുമാണെന്ന് ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. വാനലോകത്തെ ഗോളങ്ങളെ നിയന്ത്രിച്ചു നിർത്തുന്ന ആകർഷണ ശക്തി നഷ്ടപ്പെട്ട് അവ പരസ്പരം കൂട്ടിയിടിച്ച് തകർന്നു പോകാറായിരിക്കുന്നു എന്നാണ് പറയുന്നത്. ഇതു മുകളിൽ സൂചിപ്പിച്ച കാരണങ്ങൾ കൊണ്ടാവാം. അല്ലെങ്കിൽ അന്ത്യനാളിലുണ്ടാകുന്ന സംഭവങ്ങളെ സൂചിപ്പിക്കുന്നതുമാകാം ഈ വാക്യം. مِن فَوْقِهِنَّ -ക്കും വ്യത്യസ്ത അർഥങ്ങളാവാം. പൊട്ടിത്തെറി അവയുടെ മുകൾ ഭാഗത്തുനിന്നു തുടങ്ങുന്നു എന്നാണൊന്ന്. വിവിധ ഭൂഗോളങ്ങൾക്കു മീതെയായി പൊട്ടിത്തെറിക്കുന്നു എന്നാണ് മറ്റൊരർഥം. فَوْقِهِنَّ-യിലെ സർവനാമം (هن) സൂചിപ്പിക്കുന്നത് പൊട്ടിത്തെറിക്കുന്നവയെ തന്നെയാണ് എന്ന അടിസ്ഥാനത്തിലാണ് ഒന്നാമത്തെ അർഥ കൽപന. സർവനാമം സൂചിപ്പിക്കുന്നത് ഭൂമികളെയാണ് എന്ന സങ്കൽപത്തിലാണ് രണ്ടാമത്തെ അർഥം. തൊട്ടുമുൻപത്തെ സൂക്തം ഭൂമിയിലുള്ളതിനെ പരാമർശിക്കുന്നത് ഈ അർഥ കൽപനയെ ബലപ്പെടുത്തുന്നു. ആകാശം പോലെ ഭൂമിയും ഏഴുണ്ടല്ലോ. അതുകൊണ്ടാണ് 'അവ' എന്ന് ബഹുവചനത്തിൽ പറഞ്ഞത്. ഭൂമിയുടെ വിവിധ ഭാഗങ്ങളെ അല്ലെങ്കിൽ ഭൂമിയിലെ ബഹുവിധ നിവാസികളെ ഉദ്ദേശിച്ചാണീ ബഹുവചന പ്രയോഗം എന്നും വ്യാഖ്യാനമുണ്ട്.

വാനലോകത്തെ ഭാരത്താൽ ഞെരുക്കുന്ന എണ്ണമറ്റ മലക്കുകളെല്ലാവരും പ്രപഞ്ചനാഥന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ, ഭൂമിയിലെ ധിക്കാരികളായ മനുഷ്യർ അല്ലാഹുവിന്റെ ഏകത്വം നിഷേധിക്കുകയും മിഥ്യാദൈവങ്ങളെ ആരാധിക്കുകയും ചെയ്തുകൊണ്ട് അവനെ നിന്ദിക്കുക എന്ന മഹാപാതകം ചെയ്തുകൊണ്ടിരിക്കുമ്പോൾ, വാനലോകത്തുള്ള പരിശുദ്ധരായ മലക്കുകളെല്ലാം നിരന്തരം അവനെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സൂറയിലെ 38-ാം സൂക്തം ഇക്കാര്യം ഇങ്ങനെ ഉണർത്തിയിരിക്കുന്നു:

فَالَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُ بِاللَّيْلِ وَالنَّهَارِ وَهُمْ لَا يَسْأَمُونَ

(നിന്റെ നാഥങ്കലുള്ള മലക്കുകൾ രാപ്പകൽ അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുകയാകുന്നു. അവർ ഒരിക്കലും അതിൽ മുഷിയുന്നില്ല -41:38). മലക്കുകൾ അല്ലാഹുവിനെ വാഴ്ത്തുന്നതോടൊപ്പം അവന്റെ ഭൂലോക ദാസന്മാരുടെ പാപമുക്തിക്കും സമാധാനത്തിനും വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നുണ്ട്. 40:7-ൽ അത് ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

الَّذِينَ يَحْمِلُونَ الْعَرْشَ وَمَنْ حَوْلَهُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِ وَيَسْتَغْفِرُونَ لِلَّذِينَ آمَنُوا رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَعِلْمًا فَاغْفِرْ لِلَّذِينَ تَابُوا وَاتَّبَعُوا سَبِيلَكَ وَقِهِمْ عَذَابَ الْجَحِيمِ ﴿٧﴾

(ദൈവിക സിംഹാസനത്തിന്റെ വാഹകരും അതിനു ചുറ്റുമുള്ളവരും അവരുടെ നാഥന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ടിരിക്കുന്നു. അവർ അവനിൽ വിശ്വസിക്കുകയും അവനിലേക്കു പശ്ചാത്തപിച്ചു മടങ്ങുന്നവർക്കു വേണ്ടി പാപമോചനമർഥിക്കുകയും ചെയ്യുന്നു: നാഥാ, സകല ചരാചരങ്ങളെയും കാരുണ്യം കൊണ്ടും ജ്ഞാനംകൊണ്ടും ഗ്രസിച്ചവനല്ലോ നീ. ആകയാൽ, നിന്നോട് പശ്ചാത്തപിക്കുകയും നിന്റെ സരണി പിന്തുടരുകയും ചെയ്യുന്നവരുടെ കുറ്റങ്ങളും കുറവുകളും പൊറുത്തുകൊടുക്കേണമേ, നരകശിക്ഷയിൽനിന്ന് അവരെ കാത്തരുളേണമേ!).

വാനലോകത്തുള്ള മലക്കുകൾ സത്യവിശ്വാസികളായ ഭൂവാസികളുടെ പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുന്നുണ്ടെന്ന് ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഈ പാപമോചന പ്രാർഥന തന്നെയാണ് വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ ശിപാർശ - شفاعة. ഈ ശിപാർശക്കുള്ള നന്ദി പ്രകാശനമാണ്, അവരുടെ പേരു പറയുമ്പോൾ വിശ്വാസികളിൽനിന്നുണ്ടാകുന്ന عليه السلام എന്ന സമാധാനാശംസ.

മനുഷ്യർക്കായാലും മലക്കുകൾക്കായാലും പാപം പൊറുത്തുകൊടുക്കാനും കാരുണ്യമരുളാനും അല്ലാഹുവിനു മാത്രമേ കഴിയൂ എന്ന യാഥാർഥ്യത്തിലേക്ക് പ്രത്യേകം ശ്രദ്ധക്ഷണിക്കുകയാണ് أَلَا ...... الرَّحِيمُ എന്ന വാക്യം. അവിശ്വാസികൾ കരുതുന്നതുപോലെ മലക്കുകൾ ദൈവങ്ങളല്ല. അവർക്ക് സ്വന്തം നിലയിൽ ആരെയും ശിക്ഷിക്കാനും രക്ഷിക്കാനും കഴിയില്ല. ശിക്ഷിക്കുന്നവനും രക്ഷിക്കുന്നവനും പാപം പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമൊക്കെ അല്ലാഹു മാത്രമാണ്. സൃഷ്ടികളുടെ യജമാനനും ഉടമസ്ഥനും ആരാധ്യനും അവൻ തന്നെ. ബഹുദൈവാരാധകർ രക്ഷകരെന്നു കരുതി ആരാധിക്കുന്ന മലക്കുകൾ സദാ സാക്ഷാൽ ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരിലെ സജ്ജനങ്ങൾക്കുവേണ്ടി അല്ലാഹുവിനോടു പ്രാർഥിക്കാനേ അവർക്കാവൂ. ആ പ്രാർഥന സ്വീകരിച്ചു പൊറുത്തുകൊടുക്കേണ്ടതും കരുണ കാട്ടേണ്ടതും അല്ലാഹു തന്നെയാണ്.

സാക്ഷാൽ ദൈവത്തെ അവഗണിച്ച് മലക്കുകൾ, ജിന്നുകൾ, പുണ്യാത്മാക്കൾ, പൂർവപിതാക്കൾ, വിഗ്രഹങ്ങൾ തുടങ്ങിയവരെ ദൈവങ്ങളായി വരിച്ച് ആരാധിക്കുന്ന ആളുകളുണ്ട്. അവരെ അല്ലാഹു ശരിക്കും കാണുന്നുണ്ട്. അല്ലാഹുവിന്റെ നിരീക്ഷണ വലയത്തിനുള്ളിൽ തന്നെയാണ് അവർ അത്തരം നടപടികളെല്ലാം അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ചെയ്തികളിൽ പ്രവാചകന് യാതൊരുത്തരവാദിത്വവുമില്ല. അവർ ചെയ്യുന്ന കാര്യങ്ങൾക്കുത്തരവാദികൾ അവർ തന്നെയാണ്. പ്രബോധിതരുടെ ഭാഗധേയം കൈകാര്യം ചെയ്യാനോ വിചാരണ ചെയ്യാനോ പ്രവാചകൻ ഏൽപിക്കപ്പെട്ടിട്ടില്ല.

സകല സൃഷ്ടികളുടെയും ولي ആകുന്നു. ഒപ്പം, വിശ്വാസികളുടെ ഭാഗധേയം ഏൽപിക്കപ്പെട്ടവനും അത് ഏറ്റെടുത്തിട്ടുള്ളവനുമാകുന്നു. حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ (ഞങ്ങൾക്ക് അല്ലാഹു മതി. കാര്യങ്ങൾ ഏൽപിക്കാൻ ഏറ്റം യോഗ്യൻ അവൻ തന്നെ -3:173)

ഈ വചനത്തിന്റെ സാരം കുറെക്കൂടി വ്യക്തമായി ഈ സൂറയിലെ 48-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. فَإِنْ أَعْرَضُوا فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا إِنْ عَلَيْكَ إِلَّا الْبَلَاغُ (അവർ അവഗണിച്ചു തിരിഞ്ഞുപോകുന്നുവെങ്കിൽ പോകട്ടെ, നാം നിന്നെ അവരുടെ പാറാവുകാരനായി നിയോഗിച്ചിട്ടില്ല. സന്ദേശമെത്തിക്കുക മാത്രമാകുന്നു നിന്റെ ചുമതല). ●

മൂലത്തിലെ أَوْلِيَاءَ വലിയ്യിന്റെ ബഹുവചനമാണ്. ഈ പദത്തിന്റെ വിശാലമായ അർഥ തലങ്ങൾ ഖുർആൻ ബോധനം നേരത്തെ വിശദീകരിച്ചിരിക്കുന്നു. താൽപര്യങ്ങൾ പൂർത്തീകരിക്കാനും ആവശ്യങ്ങൾ നിവർത്തിക്കാനും ആപത്തുകളിൽനിന്ന് രക്ഷിക്കാനും കഴിവും അധികാരവുമുള്ളവർ എന്ന അർഥത്തെ ആസ്പദമാക്കിയാണ് ദൈവങ്ങളെ أَوْلِيَاءَ എന്നു വിളിക്കുന്നത്. ولي-ന്റെ അർഥം തന്നെയാണ് وكيل-നും ഏറക്കുറെ ഉള്ളത്. സംരക്ഷണവും കൈകാര്യവും ഏറ്റെടുത്തവനും ഏൽപിക്കപ്പെട്ടവനുമാണ് വക്കീൽ. ആരും ഏൽപിച്ചിട്ടില്ലെങ്കിലും കൈകാര്യാധികാരവും രക്ഷാകർതൃത്വവുമുള്ളവനാണ് ولي. അല്ലാഹു സ്വാഭാവികമായിത്തന്നെ

---

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ قُرْءَانًا عَرَبِيًّا لِّتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ
حَوْلَهَا وَتُنذِرَ يَوْمَ ٱلْجَمْعِ لَا رَيْبَ فِيهِ ۚ فَرِيقٌ فِى ٱلْجَنَّةِ وَفَرِيقٌ
فِى ٱلسَّعِيرِ ﴿٧﴾

7. പ്രവാചകാ, അതേ പ്രകാരം നാം നിനക്ക് ഒരു അറബി ഖുർആൻ ബോധനം ചെയ്തിരിക്കുകയാണ്; നഗരങ്ങളുടെ കേന്ദ്രത്തെയും അതിനു ചുറ്റുമുള്ളവരെയും താക്കീതു ചെയ്യുവാനും, സംഭവിക്കുമെന്ന് ഉറപ്പുള്ള സംഘ ദിനത്തെക്കുറിച്ചു മുന്നറിയിപ്പു നൽകാനും. ജനത്തിലൊരു വിഭാഗം സ്വർഗത്തിലും മറു വിഭാഗം നരകത്തിലും ചെന്നെത്തേണ്ടവരാണല്ലോ.

**7**

وَكَذَٰلِكَ أَوْحَيْنَا إِلَيْكَ = അതുപ്രകാരം നാം നിനക്ക് ബോധനം ചെയ്തിരിക്കുകയാണ്

قُرْآنًا عَرَبِيًّا = ഒരു അറബി ഖുർആൻ لِّتُنذِرَ = നീ താക്കീതു ചെയ്യുവാൻ

أُمَّ الْقُرَىٰ = നഗരങ്ങളുടെ, നാടുകളുടെ കേന്ദ്രത്തെ وَمَنْ حَوْلَهَا = അതിനു ചുറ്റുമുള്ളവരെയും

وَتُنذِرَ = നീ മുന്നറിയിപ്പു നൽകുവാനും يَوْمَ الْجَمْعِ = സംഘ ദിനത്തെക്കുറിച്ചു

لَا رَيْبَ فِيهِ = അതിൽ സംശയമേതുമില്ലാത്ത (സംഭവിക്കുമെന്നുറപ്പുള്ള) فَرِيقٌ = (ജനത്തിൽ) ഒരു വിഭാഗം

فِي الْجَنَّةِ = സ്വർഗത്തിൽ(ലും) وَفَرِيقٌ فِي السَّعِيرِ = ഒരു (മറു) വിഭാഗം നരകത്തിലും (ചെന്നെത്തേണ്ടവരാണല്ലോ)

ഈ സൂക്തത്തിലെ كَذَٰلِكَ-യുടെ താൽപര്യം മൂന്നാം സൂക്തത്തിൽ പ്രസ്താവിച്ചതു പ്രകാരം, പൂർവ പ്രവാചകന്മാർക്ക് അല്ലാഹു ദിവ്യസന്ദേശം നൽകിയതുപോലെ ഈ പ്രവാചകന്നും ദിവ്യസന്ദേശം നൽകിയിരിക്കുന്നു എന്നാണ്. പൂർവ പ്രവാചകന്മാർക്കു നൽകിയ ദിവ്യസന്ദേശം അവരുടെ ഭാഷകളിലായിരുന്നു. ജനങ്ങളെ സത്യവും ധർമവും ഗ്രഹിപ്പിക്കുകയാണല്ലോ പ്രവാചകത്വത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറുന്നതിന് പ്രബോധകൻ പ്രബോധിതരുടെ ഭാഷ അറിയുന്നവനും പ്രബോധനം ചെയ്യുന്ന സന്ദേശം ആ ഭാഷയിലുള്ളതുമായിരിക്കണം. പ്രവാചകന്മാരെല്ലാം അവരുടെ സമൂഹത്തിന്റെ ഭാഷ സംസാരിക്കുന്നവരായിരുന്നു وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِ لِيُبَيِّنَ لَهُمْ (നാം ഒരു ദൂതനെയും സ്വജനത്തിന്റെ ഭാഷയിലല്ലാതെ അയച്ചിട്ടില്ല -14:4). അവർക്കു നൽകിയ വേദപ്രമാണങ്ങളും തദ്ദേശീയ ഭാഷയിലായിരുന്നു. അതുപോലെ അറബ് ജനതയിലേക്ക് ദൈവദൂതനായി അറബിയായ മുഹമ്മദി(സ)നെ നിയോഗിച്ചു. അദ്ദേഹത്തിന് അറബി ഭാഷയിലുള്ള വേദവും നൽകി. അതാണ് ഖുർആൻ. قرآن-ഉം قرآن عربي-യും നേരത്തെ പലവട്ടം വന്നിട്ടുള്ളതാണ്. ഉദാഹരണം കഴിഞ്ഞ സൂറ 3-ാം സൂക്തം. രണ്ടിന്റെയും ആശയങ്ങൾ പ്രസ്തുത സന്ദർഭങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. പൂർവ പ്രവാചകന്മാരെ അവരുടെ ഭാഷയിലുള്ള ഖുർആൻ (ആവർത്തിച്ചു വായിക്കപ്പെടുന്ന വേദപ്രമാണങ്ങൾ) ബോധനം ചെയ്തിട്ടുള്ളതുപോലെ ഈ പ്രവാചകനെ അറബി ഭാഷയിലുള്ള ഖുർആൻ ബോധനം ചെയ്തിരിക്കുന്നു. ഈ പ്രവാചകന്റെ നേരിട്ടുള്ള പ്രബോധിതർ അറബികളാണല്ലോ. അറബികളുടെ കേന്ദ്ര നഗരത്തെയും അതിന്റെ ചുറ്റുമുള്ള ജനതകളെയും, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കെടുതികളെക്കുറിച്ചു താക്കീതു ചെയ്യുകയും മരണാനന്തര ജീവിതത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുകയുമാണ് അദ്ദേഹത്തിന്റെ ദൗത്യം.

لِّتُنذِرَ أُمَّ الْقُرَىٰ وَمَنْ حَوْلَهَا وَتُنذِرَ يَوْمَ الْجَمْعِ لَا رَيْبَ فِيهِ എന്ന മൂലവാക്യത്തിന്റെ പദാനുപദ തർജമ, 'നീ നഗരങ്ങളുടെ മാതാവിനെയും അതിനു ചുറ്റുമുള്ളവരെയും താക്കീതു ചെയ്യുന്നതിനും നിസ്സംശയമായ സംഘ ദിനത്തെക്കുറിച്ചു താക്കീതു ചെയ്യുന്നതിനും വേണ്ടി' എന്നാണ്. ഒരു വിഷയത്തിന്റെ പ്രധാന ഭാഗത്തെയും കേന്ദ്രസ്ഥാനത്തെയും അതിന്റെ മാതാവ് എന്ന് സാധാരണ പറയാറുണ്ട്. അനുബന്ധ സ്ഥാപനങ്ങളുടെ കേന്ദ്രത്തെ മാതൃസ്ഥാപനം എന്നും പോഷക

ഘടകങ്ങളുള്ള സംഘടനയെ ആ ഘടകങ്ങളുടെ മാതൃസംഘടന എന്നും പറയുന്നു. തള്ളവിരൽ, തള്ളപ്പുര പോലുള്ള പ്രയോഗങ്ങളും ഇപ്രകാരമുള്ളതാണ്. ഇതനുസരിച്ച് അറബ് നാടുകളുടെ മാതൃനാടാണ് മക്ക. അവരുടെ ആത്മീയ കേന്ദ്രമായ കഅ്ബാലയം സ്ഥിതി ചെയ്യുന്നതും, ഏറ്റം ആദരണീയ ഗോത്രമായ ഖുറൈശികൾ അധിവസിക്കുന്നതും അവിടെയാണ്. നേരത്തെ 28:59-ൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: وَمَا كَانَ رَبُّكَ مُهْلِكَ الْقُرَىٰ حَتَّىٰ يَبْعَثَ فِي أُمِّهَا رَسُولًا ''നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനായിട്ടില്ല; അവയുടെ കേന്ദ്രത്തിൽ -فِي أُمِّهَا- ഒരു ദൂതനെ നിയോഗിക്കുന്നതുവരെ.'' ''ഈ അനുഗൃഹീതമായ ഖുർആൻ മുഹമ്മദ് നബിക്ക് അവതരിപ്പിച്ചിട്ടുള്ളത് അദ്ദേഹം മക്കാവാസികളെയും ചുറ്റുമുള്ള ഗോത്രങ്ങളെയും താക്കീതു ചെയ്യുന്നതിനുവേണ്ടി - وَلِتُنذِرَ أُمَّ الْقُرَىٰ وَمَنْ حَوْلَهَا - ആണെന്ന് 6:92-ലും പ്രസ്താവിച്ചിരിക്കുന്നു.

സൂക്തം സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും, അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിക്കുകയും ഖുർആനിനെ തള്ളിപ്പറയുകയും ചെയ്യുന്ന ഖുറൈശികളെയും അവരുടെ പരിസര വാസികളായ ഇതര ഗോത്രങ്ങളെയും കേൾപ്പിക്കുകയാണ് ഈ സന്ദർഭത്തിന്റെ ലക്ഷ്യം. സത്യനിഷേധികളായതിനാൽ ഖുർആൻ നൽകുന്ന ശുഭവാർത്ത -بشری- അവർക്ക് ബാധകമല്ല. അതുകൊണ്ടാണ് 'ജനത്തിന് മുന്നറിയിപ്പു നൽകാനും സുവിശേഷമറിയിക്കാനും' എന്നു പറയാതെ 'കേന്ദ്ര നഗരത്തിനും ചുറ്റുമുള്ളവർക്കും മുന്നറിയിപ്പ് -انذار- നൽകുന്നതിനു വേണ്ടി' എന്നുമാത്രം പറഞ്ഞത്. പ്രവാചകന്റെ ദൗത്യം താക്കീതു ചെയ്യൽ മാത്രമാണെന്നോ, മക്കാ നഗരവാസികളെയും പരിസര ഗോത്രങ്ങളെയും മാത്രമേ അദ്ദേഹം താക്കീതു ചെയ്യേണ്ടതുള്ളൂ എന്നോ അതിനർഥമില്ല. അന്ത്യപ്രവാചകൻ നിയുക്തനായിട്ടുള്ളത് മുന്നറിയിപ്പുകാരനും സുവിശേഷകനും ആയിട്ടാണെന്ന് ഖുർആൻ നിരവധി സൂക്തങ്ങളിൽ ഓർമിപ്പിക്കുന്നുണ്ട്. ഉദാ: 2:119,17:105, 25:56. അതുപോലെ മുഴുവൻ മനുഷ്യ കുലത്തെയും സന്മാർഗദർശനം ചെയ്യാനാണ് അദ്ദേഹം നിയോഗിക്കപ്പെട്ടിട്ടുള്ളതെന്നും ഖുർആൻ ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്നു وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِّلنَّاسِ بَشِيرًا وَنَذِيرًا (മനുഷ്യർക്കാകമാനമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടു തന്നെയാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത് -34:28) وَأَرْسَلْنَاكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِاللَّهِ شَهِيدًا (നാം നിന്നെ മനുഷ്യർക്കൊക്കെയുമുള്ള ദൂതനായി അയച്ചിരിക്കുന്നു. അതിനു സാക്ഷിയായിട്ട് അല്ലാഹു മതിയായിരിക്കുന്നു-4:79). وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ (ലോകർക്കൊക്കെയും അനുഗ്രഹമായിട്ടുതന്നെയാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത് -21:107). മുഹമ്മദീയ പ്രവാചകത്വവും ഖുർആനും മക്കാ നഗരത്തിനും പരിസര ഗോത്രങ്ങൾക്കും മാത്രം അല്ലെങ്കിൽ അറബികൾക്ക് മാത്രമുള്ളതല്ല എന്നതിന്റെ അസന്ദിഗ്ധമായ പ്രമാണങ്ങളാണ് ഉപരി സൂചിത സൂക്തങ്ങൾ. يَوْمَ الْجَمْعِ- സംഘ ദിനം മരണാനന്തരം മനുഷ്യരെയെല്ലാം ഉയിർത്തെഴുന്നേൽപിച്ച് വിചാരണാ സഭയിൽ സമ്മേളിപ്പിക്കുന്ന ദിനമാണ്. അങ്ങനെയൊരു ദിനം ഉണ്ടോ എന്ന് അവിശ്വാസികൾ സന്ദേഹിക്കുന്നുണ്ടെങ്കിലും സംശയലേശമന്യെ ഉറപ്പായും സംഭവിക്കുന്ന സംഗതി തന്നെയാണത് يَوْمَ الْجَمْعِ لَا رَيْبَ فِيهِ ۚ فَرِيقٌ .... فِي السَّعِيرِ എന്ന വാക്യം -നെ പരാമർശിച്ചതിന്റെ അനുബന്ധമാണ് അങ്ങനെയൊരു ദിനം സംഭവിക്കുന്നതിന് ന്യായമെന്ത് എന്ന ചോദ്യത്തിനുള്ള വിശദീകരണം. ഉയിർത്തെഴുന്നേൽപു നാളിൽ എല്ലാവരെയും സമ്മേളിപ്പിക്കുന്നത് കർമ ജീവിതം വിചാരണ ചെയ്ത് രക്ഷാ ശിക്ഷകൾ വിധിക്കാനാണ് എന്ന് മുമ്പ് പലയിടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ فَرِيقٌ-ന് മുമ്പ് هم എന്ന് അനുക്തമായിട്ടുണ്ട്. അവരിൽ ഒരു വിഭാഗം സ്വർഗത്തിലും മറു വിഭാഗം നരകത്തിലും പോകേണ്ടതുണ്ടല്ലോ; അതിനു വേണ്ടിയാണ് يَوْمَ الْجَمْعِ ഏർപ്പെടുത്തിയിരിക്കുന്നത്.

أُمَّ الْقُرَىٰ കൊണ്ടുദ്ദേശിക്കുന്നത് എല്ലാ നാടുകളുടെയും കേന്ദ്ര സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന നാട് ആണെന്നും وَمَنْ حَوْلَهَا ലോകത്തുള്ള മറ്റു നാടുകൾ മുഴുവനുമാണെന്നും ഒരു വ്യാഖ്യാനമുണ്ട്. മുഹമ്മദീയ പ്രവാചകത്വവും ഖുർആനും മനുഷ്യകുലത്തിനാകമാനം അന്ത്യനാൾ വരേക്കും ഉള്ളതാണെന്നതിന്റെ പ്രമാണമായി അതു ചൂണ്ടിക്കാണിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, സൂക്തത്തിന്റെ അവതരണ പശ്ചാത്തലം പിന്തുണക്കുന്നത് ആദ്യം പറഞ്ഞ വ്യാഖ്യാനത്തെയാണ്. മുഹമ്മദീയ പ്രവാചകത്വത്തിന്റെ സാർവജനീനതയും സാർവലൗകികതയും സ്ഥിരപ്പെടുത്താൻ ഈ സൂക്തത്തെ ഇങ്ങനെ വ്യാഖ്യാനിക്കേണ്ട കാര്യമില്ല. മുകളിൽ ഉദ്ധരിക്കപ്പെട്ട സൂക്തങ്ങളിലൂടെ അക്കാര്യം സംശയലേശമന്യെ സ്ഥിരപ്പെടുന്നതാണ്. കൂടാതെ വ്യക്തമായ നബിവചനങ്ങളും ഉണ്ട്. താൻ രണ്ടു നിയോഗങ്ങളുമായി അയക്കപ്പെട്ടവനാണെന്ന് ഒരിക്കൽ പ്രവാചകൻ തന്നെ പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒരു നിയോഗം അറബികളിലേക്ക് പ്രത്യേകമായിട്ടുള്ളതാണ്. രണ്ടാമത്തേത് മനുഷ്യകുലത്തിന് പൊതുവായിട്ടുള്ളതും. പ്രവാചകൻ അറബ് ജനതക്ക് നേരിട്ടു സത്യസാക്ഷിയാവുകയാണ് പ്രത്യേക നിയോഗം. വിശ്വാസികളായ അറബ് ജനത മുഴുവൻ ലോകർക്കും സത്യസാക്ഷികളാവുകയാണ് പൊതു നിയോഗം. ഖുർആൻ 2:143-ൽ അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا ۗ

(ഈ വിധം നാം നിങ്ങളെ [പ്രവാചകനിൽ വിശ്വസിച്ചവരെ] ഒരു മിത സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ലോക ജനതക്ക് സത്യസാക്ഷികളാകാനും ദൈവദൂതൻ നിങ്ങൾക്ക് സത്യസാക്ഷിയാകാനും -2:143)

لِيَكُونَ الرَّسُولُ شَهِيدًا عَلَيْكُمْ وَتَكُونُوا شُهَدَاءَ عَلَى النَّاسِ ۚ

(ദൈവദൂതൻ നിങ്ങൾക്ക് സത്യസാക്ഷിയാകാനും നിങ്ങൾ മറ്റെല്ലാ ജനത്തിനും സത്യസാക്ഷികളാകാനും -22:78). പ്രവാചകൻ തന്റെ ശിഷ്യന്മാർക്ക് എപ്രകാരം സത്യധർമത്തിന്റെ -ദീനുൽ ഹഖിന്റെ- സാക്ഷിയായോ അതേവിധം ഇതര ജനത്തിന് സത്യസാക്ഷികളായിരിക്കാൻ ബാധ്യസ്ഥരാകുന്നു മുസ്‌ലിം സമൂഹം. അതുവഴിയാണ് മുഹമ്മദീയ പ്രവാചകത്വം സാർവജനീനവും സാർവകാലികവുമാകുന്നത്. ഈ മഹത്തായ ചുമതല അർപ്പിതമായിട്ടുള്ളതിനാൽ ഇസ്‌ലാമും മുസ്‌ലിംകളും എത്ര ഗുരുതരമായ തിരിച്ചടികളും പ്രതിസന്ധികളും നേരിടുന്ന സന്ദർഭത്തിലും, യഥാർഥ ഇസ്‌ലാമിനെ പ്രബോധനം ചെയ്യുകയും ജീവിതം കൊണ്ട് അതിനെ പ്രതിനിധാനം ചെയ്യുകയും ചെയ്യുന്ന ചെറിയൊരു വിഭാഗം ഈ സമുദായത്തിൽ ഉണ്ടായിരിക്കും. ഇക്കാലത്തും അവരുണ്ട്. സത്യവിശ്വാസികൾ നിസ്വാർഥവും നിഷ്പക്ഷവുമായി അന്വേഷിച്ചാൽ അവരെ കണ്ടെത്താൻ കഴിയും. ●